**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4421** **18-03-2025 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം നൗഷാദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതികളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സംഭരിക്കുന്നതിനായി ബാറ്ററി നിർബന്ധമാക്കാൻ കേന്ദ്രസർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; ഈ തീരുമാനം പ്രസ്തുത പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള ഉപഭോക്താക്കളെ ഏതു രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന **പി. എം. സൂര്യ ഘർ** പുരപ്പുറ സോളാർ പദ്ധതിയിൽ ബാറ്ററി ഉൾപ്പെടുത്തുന്നതിനുള്ള ഒരു നിർദ്ദേശം പുറത്തിറക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം നിർബന്ധമാക്കിയിട്ടില്ല. കേന്ദ്ര വൈദ്യുതി അതോറിറ്റി (Central Electricity Authority) പുറത്തിറക്കിയ മാർഗ്ഗരേഖ പ്രകാരം, സോളാർ പ്ലാന്റുകളിൽ ഉൽപാദന ശേഷിയുടെ 10% (കുറഞ്ഞത് രണ്ട് മണിക്കൂർ) വൈദ്യുതി സംഭരിക്കാൻ ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് സംവിധാനം നിർദ്ദേശിച്ചിട്ടുണ്ട്. 2030 ഓടെ 14 ജിഗാവാട്ട് വൈദ്യുതി സംഭരണ ശേഷി കൈവരിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.<br><br>ഇപ്പോൾ **പി. എം. സൂര്യ ഘർ** പുരപ്പുറ സോളാർ പദ്ധതിയിൽ ലഭ്യമായ പരമാവധി സബ്സിഡി 78,000/- രൂപയാണ്. ബാറ്ററി ഉൾപ്പെടുത്തി സ്ഥാപിക്കുമ്പോൾ ചെലവിൽ 40-50 ശതമാനം വരെ വർദ്ധനവ് ഉണ്ടാകാം. ആയതിനാൽ മുടക്കുമുതൽ തിരിച്ചുകിട്ടാൻ കൂടുതൽ വർഷങ്ങൾ ആവശ്യമായേക്കാം. |
| (ബി) | ബാറ്ററി സ്ഥാപിക്കുന്നതിലൂടെയുള്ള അധിക ചെലവ് ഉപഭോക്താക്കൾ വഹിക്കണമെന്ന നിർദ്ദേശം പദ്ധതിയെ അനാകർഷകമാക്കുമെന്നതു പരിഗണിച്ച് സർക്കാർ ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിനോട് ആശയവിനിമയം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ബാറ്ററി സ്ഥാപിക്കുന്നതിനു വേണ്ടിയും സബ്സിഡി അനുവദിക്കണമെന്ന് കെ. എസ്. ഇ. ബി. എൽ. 24.10.2024-ന് കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തോട് (എം. എൻ. ആർ. ഇ.) ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | വീട്ടിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുവാൻ പണമില്ലാത്തവർക്ക് പുരപ്പുറം വാടകയ്ക്ക് നൽകുവാൻ അവസരം നൽകുന്ന റെസ്കോ മാതൃക പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി **MNRE** 13.01.2025 - ലെ ഓഫീസ് മെമ്മോറാണ്ടം വഴി RESCO (Renewable Energy |

| | | | |
|---|---|---|---|
| | | | Service Company) മോഡലും, ULA (Utility Led Aggregation) മോഡലും, അവതരിപ്പിച്ചിട്ടുണ്ട്. ആയതു നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടു കൂടി മാത്രമേ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ